**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1362** **07-02-2023 - ൽ മറുപടിയ്ക്ക്**

**ഉച്ചഭക്ഷണ പദ്ധതിയുടെ തുക വർദ്ധിപ്പിക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ പി സി വിഷ്ണുനാഥ്** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ സ്കൂളുകളിൽ ഉച്ചഭക്ഷണ പദ്ധതിയ്ക്കായി ഒരു കുട്ടിക്ക് നിലവിൽ നൽകി വരുന്ന തുക എത്രയെന്ന് വ്യക്തമാക്കാമോ; | (എ) | സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയ്ക്കായി ചുവടെ രേഖപ്പെടുത്തിയിരിക്കുന്ന പ്രകാരം മൂന്ന് വ്യത്യസ്ത സ്ലാബുകളിലായാണ് തുക അനുവദിക്കുന്നത്.<br><br>സ്ലാബ് I - 150 കുട്ടികൾ വരെ - കുട്ടിയൊന്നിന് 8 രൂപ<br><br>സ്ലാബ് II – 151 മുതൽ 500 വരെ - കുട്ടിയൊന്നിന് 7 രൂപ<br><br>സ്ലാബ് III – 500 ന് മുകളിൽ - കുട്ടിയൊന്നിന് 6 രൂപ<br><br>05.09.2016 ലാണ് പ്രസ്തുത പദ്ധതിയ്ക്കായി അവസാനമായി തുക വർദ്ധിപ്പിച്ചത്. |
| (ബി) | പ്രസ്തുത പദ്ധതിയ്ക്കായി അവസാനമായി തുക വർദ്ധിപ്പിച്ചതെന്നാണെന്നും എത്രയായിരുന്നുവെന്നും വിശദമാക്കാമോ; | (ബി) | സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയ്ക്കായി ചുവടെ രേഖപ്പെടുത്തിയിരിക്കുന്ന പ്രകാരം മൂന്ന് വ്യത്യസ്ത സ്ലാബുകളിലായാണ് തുക അനുവദിക്കുന്നത്.<br><br>സ്ലാബ് I - 150 കുട്ടികൾ വരെ - കുട്ടിയൊന്നിന് 8 രൂപ<br><br>സ്ലാബ് II – 151 മുതൽ 500 വരെ - കുട്ടിയൊന്നിന് 7 രൂപ<br><br>സ്ലാബ് III – 500 ന് മുകളിൽ - കുട്ടിയൊന്നിന് 6 രൂപ<br><br>05.09.2016 ലാണ് പ്രസ്തുത പദ്ധതിയ്ക്കായി അവസാനമായി തുക വർദ്ധിപ്പിച്ചത്. |
| (സി) | പദ്ധതിയ്ക്കായി സ്കൂളുകൾക്ക് തുക അനുവദിക്കുന്നതിൽ കുടിശ്ശികയുണ്ടെങ്കിൽ ആയത് വിശദമാക്കാമോ; | (സി) | 2022 – 23 വർഷം സംസ്ഥാനത്തിന് അർഹതപ്പെട്ട സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയ്ക്കായുള്ള രണ്ടാം ഗഡു കേന്ദ്ര വിഹിതം ലഭിക്കുന്നതിൽ വന്നിട്ടുള്ള കാലതാമസം മൂലം 2022 ഡിസംബർ മാസം മുതൽക്കുള്ള തുക സ്കൂളുകൾക്ക് അനുവദിക്കുവാൻ |

| | | | |
|---|---|---|---|
| | | | സാധിച്ചിട്ടില്ല. ടി തുക അനുവദിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) | പദ്ധതിയ്ക്ക് കാലാനുസൃതമായി തുക വർദ്ധിപ്പിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്കൂൾ ഉച്ചഭക്ഷണ പദ്ധതി നടത്തിപ്പിനായി സ്കൂളുകൾക്ക് അനുവദിക്കുന്ന മെറ്റീരിയൽ കോസ്റ്റ് (പാചകചെലവ്) 01.10.2022 തീയതി പ്രാബല്യത്തിൽ കേന്ദ്രസർക്കാർ വർദ്ധിപ്പിച്ചിട്ടുള്ള തിനാൽ പ്രസ്തുത വർദ്ധനവ് സംസ്ഥാനത്ത് നടപ്പിലാക്കുന്ന കാര്യവും സപ്ലിമെന്ററി ന്യൂട്രീഷൻ പരിപാടിയുടെ ഭാഗമായി കുട്ടികൾക്ക് അനുവദിച്ച് വരുന്ന പാൽ, മുട്ട/ നേന്ത്രപ്പഴം എന്നിവയുടെ തുക വർദ്ധിപ്പിക്കുന്ന കാര്യവും സർക്കാർ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ